പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 932** **05.03.2018-** ൽ മറുപടിക്ക്

## വട്ടോളിപ്പാലം നിർമ്മാണം

**ചോദ്യം**

**ശ്രീ. ഇ.പി.ജയരാജൻ**

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) വട്ടോളിപ്പാലം, ചേക്കുപാലം എന്നിവ ചേർത്ത് ഒരു ക്ലസ്റ്ററായി ഭരണാനുമതിക്കായി ഡി.പി.ആർ സമർപ്പിക്കുവാൻ കേരളാസ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡ് നിർദ്ദേശിച്ചതനുസരിച്ച് ഡി.പി.ആർ സമർപ്പിക്കുകയുണ്ടായോ; പ്രസ്തുത ഡി പി ആർ എപ്പോഴാണ് സമർപ്പിച്ചത്;

(സി) കിഫ്ബി ബോർഡിന്റെ അടുത്ത യോഗത്തിൽ വട്ടോളിപ്പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം, ധർമ്മടം മണ്ഡലത്തിലെ ചേക്കുപാലം, പേരാവൂർ മണ്ഡലത്തിലെ ഓടന്തോട് പാലം എന്നീ മൂന്ന് പാലങ്ങളും കൂടി ഒരു പാക്കേജായാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പിന്നീട് ഓടന്തോട് പാലത്തിന് നബാർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 10.11.2016-ലെ എൻ.ബി (കേരള) നം. എസ്.പി.ഡി/3157/ആർ.ഐ.ഡി.എഫ് XXXII/158/പി.എസ്.സി/2016-17 നം. കത്ത് പ്രകാരം അനുമതി ലഭിക്കുകയുണ്ടായി. വട്ടോളി പാലത്തിനായി 4.75 കോടി രൂപയുടെ എസ്റ്റിമേറ്റ് (പ്രൈസ് ഐ.ഡി 2016/6553) 18.11.2017-നും ചേക്കുപാലത്തിന് 4.35 കോടി (ആകെ 9.1 കോടി) രൂപയുടെ എസ്റ്റിമേറ്റ് (പ്രൈസ് ഐ.ഡി 2018/8835) 08.08.2017-നും തയ്യാറാക്കിയിട്ടുണ്ട്. ഇവ രണ്ടും കൂടി ചേർത്ത് ഒറ്റ പ്രൊജക്ടായി അടുത്ത കിഫ്ബി ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

S. Bindu
സെക്ഷൻ ഓഫീസർ